അനധികൃത ടാർ മിക്സിംഗ് പ്ലാന്റിനെതിരെ സമരസമിതി പ്രക്ഷോഭത്തിലേക്ക്

ഇരിക്കൂർ: പാറ്റക്കലിൽ അനധികൃതമായി പ്രവർത്തിച്ചുവരുന്ന ടാർ മിക്സിംഗ്, എം സാന്റ് പ്ലാന്റുകൾ നാട്ടുകാർക്ക് ദുരിതമാകുന്നു. ഇതിന് തൊട്ടടുത്തായി പാറ്റക്കൽ അംഗൻവാടി, ജി.എച്ച്. എസ്.എസ് ഇരിക്കൂർ സ്കൂൾ, റഹ്മാനിയ ഇംഗ്ലീഷ് മീഡിയം സ്കൂൾ തുടങ്ങിയ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. വാഹനങ്ങളിലും കാൽനടയായും നിരവധി പേർ യാത്ര ചെയ്യുന്ന ഇരിക്കൂർ-ബ്ലാത്തൂർ റോഡ് വക്കിലാണ് ഇവ പ്രവർത്തിക്കുന്നത്. യാതൊരു മാനദണ്ഡവും പാലിക്കാത്ത ഈ പ്ലാന്റുകൾ അടച്ചുപൂട്ടണമെന്ന് പാറ്റക്കൽ ജനകീയ സമരസമിതി ആവശ്യപ്പെട്ടു.

ആദ്യഘട്ട സമരത്തിൽ പരിസ്ഥിതി പ്രവർത്തകരായ കണ്ടൽ രാജൻ, തോമസ് വള്ളൂർ, അഡ്വ. ജോയിസ് ജോസഫ് തുടങ്ങിയവർ പൊതുയോഗത്തിൽ പങ്കെടുക്കും. പ്ലാന്റിനെതിരെ പടിയൂർ പഞ്ചായത്ത്, പൊലൂഷൻ കൺട്രോൾ ബോർഡ്, എ.ഡി.എം, മുഖ്യമന്ത്രി, ഡി.എം.ഒ, മനുഷ്യാവകാശ കമ്മീഷൻ, കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം എന്നിവയ്ക്ക് പരിസരവാസികളുടെ ഒപ്പോടുകൂടി ഭീമൻ ഹർജി നൽകി. തുടർ സമരത്തിന്റെ ഭാഗമായി നാളെ വൈകുന്നേരം നാല് മണിക്ക് പരിസ്ഥിതി പ്രവർത്തകൻ സി.ആർ.നീലകണ്ഠൻ ഇരിക്കൂർ സിദ്ധീഖ് നഗറിൽ പ്രസംഗിക്കും. തുടർന്ന് 20 മുതൽ പ്ലാന്റുകൾക്ക് സമീപത്ത് കുടിൽകെട്ടി അനിശ്ചിതകാല സമരം ആരംഭിക്കുമെന്ന് സമിതി ഭാരവാഹികളായ സലാം പാറ്റക്കൽ, ടി.സി. മൻസീർ, കെ.സതീശൻ അറിയിച്ചു.

ഭിന്നശേഷിക്കാരുടെ ഗ്രാമസഭ പനക്കാട് ഗവ. എൽ.പി സ്കൂളിൽ കുറുമാത്തൂർ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ഐ.വി. നാരായണൻ ഉദ്ഘാടനം ചെയ്യുന്നു.

മോട്ടോർ തൊഴിലാളി ക്ഷേമനിധിയിൽ അംഗമാകാത്തവർ അവസരം പ്രയോജനപ്പെടുത്തണമെന്ന്

കണ്ണൂർ: മോട്ടോർ തൊഴിലാളി ക്ഷേമനിധിയിൽ അംഗമാവാൻ സാധിക്കാത്തവർ മാർച്ച് 31നകം അംഗമാകാനുള്ള ക്ഷേമനിധി ബോർഡിന്റെയും സംസ്ഥാന സർക്കാരിന്റെയും അവസരം പ്രയോജനപ്പെടുത്തണമെന്ന് മോട്ടോർ ട്രാൻസ്പോർട്ട് എംപ്ലോയീസ് യൂണിയൻ സി.ഐ.ടി.യു പ്രവർത്തക സമിതിയോഗം ആവശ്യപ്പെട്ടു. പ്രസിഡണ്ട് കെ. കെ.നാരായണൻ അധ്യക്ഷനായി. കെ.ജയരാജൻ റിപ്പോർട്ടവതരിപ്പിച്ചു. എ.കെ.ഗോപി, എൻ.മോഹനൻ, പി.ചന്ദ്രൻ, സി. എച്ച്.ലക്ഷ്മണൻ, വി.പത്മനാഭൻ, പി.ഷറിത്ത് സംസാരിച്ചു.

തളിപ്പറമ്പ യതീംഖാന സ്കൂളിൽ ഗണിത വിജയ പ്രഖ്യാപനം നഗരസഭ ചെയർമാൻ അള്ളാംകുളം മഹമൂദ് നിർവഹിക്കുന്നു

ഗണിത വിജയപ്രഖ്യാപനം നടത്തി

തളിപ്പറമ്പ: സർവശിക്ഷാ അഭിയാൻ തളിപ്പറമ്പ നോർത്ത് ബി.ആർ.സി ആഭിമുഖ്യത്തിൽ വിദ്യാർത്ഥികളിൽ ഗണിതത്തിലെ അടിസ്ഥാന ശേഷികൾ നേടുന്നതിന് പ്രയാസം അനുഭവിക്കുന്ന വിദ്യാർത്ഥികൾക്ക് ആവശ്യമായ പഠന പിന്തുണ നൽകുന്നതിന് നടപ്പിലാക്കിയ പദ്ധതിയായ 'ഗണിത വിജയം പദ്ധതി'യുടെ ഭാഗമായ യതീംഖാന സ്കൂളിൽ ഫിബ്രവരി 5 മുതൽ 28 വരെ നടപ്പിലാക്കിയ പദ്ധതിയുടെ വിജയ പ്രഖ്യാപനം ബി.പി.ഒ എസ്.പി.രമേശന്റെ അധ്യക്ഷതയിൽ നഗരസഭ ചെയർമാൻ അള്ളാംകുളം മഹമൂദ് ഉദ്ഘാടനം ചെയ്തു. ജില്ലാ പ്രോഗ്രാം ഓഫീസർ കെ.ആർ. അശോകൻ, തളിപ്പറമ്പ എ.ഇ.ഒ കെ.പി.പുരുഷോത്തമൻ, സ്കൂൾ മാനേജർ കെ.എസ്.റിയാസ്, കൗൺസിലർ പി.ഖദീജ, യു.പി സ്കൂൾ ഹെഡ്മാസ്റ്റർ ഒ.പി.റബീഹ്, പി.ടി.എ പ്രസിഡണ്ട് കെ.അജ്മൽ സംസാരിച്ചു. ട്രെയിനർ കെ.ബിജേഷ് നന്ദി പറഞ്ഞു. തുടർന്ന് വീഡിയോ പ്രസന്റേഷൻ, അനുഭവങ്ങൾ പങ്കുവെക്കൽ, ഗണിത കളികളും നടന്നു.

കെ. മാധവൻ മാസ്റ്റർക്ക് അനുമോദനം ഒമ്പതിന്

തളിപ്പറമ്പ: കേരള സാഹിത്യ അക്കാദമി ആദരിച്ച ആറ് ഗ്രന്ഥശാലാ പ്രവർത്തകരിൽ ഒരാളായ തൃച്ചംബരം കൾച്ചറൽ സെന്റർ ലൈബ്രറി സ്ഥാപകൻ കെ. മാധവൻ മാസ്റ്ററെ ഒമ്പതിന് വൈകീട്ട് നാലിന് ലൈബ്രറി ഹാളിൽ വെച്ച് ആദരിക്കും. ജില്ലാ ലൈബ്രറി കൗൺസിൽ പ്രസിഡണ്ട് പി.കെ. ബൈജു ഉദ്ഘാടനം ചെയ്യും. ലൈബ്രറി പ്രസിഡണ്ട് ഡോ. എസ്.കെ. മാധവൻ അധ്യക്ഷനാകും. മുൻ കില ഡയറക്ടർ ഡോ. പി.പി. ബാലൻ അനുമോദന പ്രസംഗം നടത്തും. കെ.സി. ബാലകൃഷ്ണൻ സ്വാഗതവും ടി.എൻ. രാധാകൃഷ്ണൻ നന്ദിയും പറയും.

യാത്രയയപ്പ് സമ്മേളനം നടത്തി

ശ്രീകണ്ഠപുരം: കെ.എസ്.ടി.എ ഏരുവേശി ബ്രാഞ്ചിന്റെ നേതൃത്വത്തിൽ സർവീസിൽ നിന്ന് വിരമിക്കുന്ന അധ്യാപകർക്ക് യാത്രയയപ്പ് നൽകി. കെ.പി.ബേബി (പ്രഥമാധ്യാപിക, കെ.കെ.എൻ.എം.യു.പി സ്കൂൾ ഏരുവേശി), അശോക്കുമാർ (നിർമ്മല എച്ച്.എസ്.എസ് ചെമ്പേരി), കെ.ജലജകുമാരി (കെ.കെ.എൻ.എം.യു.പി സ്കൂൾ, ഏരുവേശി) എന്നിവർക്കാണ് യാത്രയയപ്പ് നൽകിയത്. നെടുങ്ങോം ഗവ. ഹയർസെക്കണ്ടറി സ്കൂളിൽ ഇ.കെ.കൃഷ്ണൻ ഉദ്ഘാടനം ചെയ്തു. കെ.രമണി അധ്യക്ഷത വഹിച്ചു. ഇ.കെ.അജിത്ത്കുമാർ, കെ.തങ്കമണി, ബെന്നി കുര്യൻ, കെ.പി.രാധാകൃഷ്ണൻ, ടി.പ്രസാദ്, സന്തോഷ് തോന്നയ്ക്കൽ സംസാരിച്ചു.

'റബറിന്റെ വിളവെടുപ്പ് മെച്ചപ്പെടുത്താം സുസ്ഥിര വരുമാനം നേടാം' സെമിനാർ പി.കെ.രഘുനാഥ് ഉദ്ഘാടനം ചെയ്യുന്നു

റബർവിള മെച്ചപ്പെടുത്താൻ സെമിനാർ സംഘടിപ്പിച്ചു

പന്നിയൂർ: 'റബറിന്റെ വിളവെടുപ്പ് മെച്ചപ്പെടുത്താം സുസ്ഥിര വരുമാനം നേടാം' എന്ന വിഷയത്തെ അധികരിച്ച് നടന്ന സെമിനാർ റബർ ഉൽപാദക സംഘം പ്രസിഡണ്ട് മുഹമ്മദ് അലി ഹാജിയുടെ അധ്യക്ഷതയിൽ പി.കെ.രഘുനാഥ് ഉദ്ഘാടനം ചെയ്തു. വിവിധ വിഷയങ്ങളിൽ അസി. ഡവലപ്മെന്റ് ഓഫീസർമാരായ കെ.ടി.രാജു, പ്രഭ പുത്തൻപുര, എം.എ.അബ്രാഹം എന്നിവർ ക്ലാസ് കൈകാര്യം ചെയ്തു. ഉൽപാദന ക്ഷമത വർധനവ് ലക്ഷ്യമാക്കി രണ്ട് ഗ്രൂപ്പുകൾ രൂപീകരിച്ചു. കെ.വി.നാരായണൻ സ്വാഗതവും മോനിച്ചൻ നന്ദിയും പറഞ്ഞു.

കെ.എസ്.ആർ.ടി.സി ഇൻസ്പെക്ടർ വി.ആർ.രാമചന്ദ്രൻ വിരമിച്ചു

ആലക്കോട്: കെ.എസ്.ആർ.ടി.സിയിൽ നിന്ന് 22 വർഷത്തെ സേവനത്തിന് ശേഷം പയ്യന്നൂർ ഡിപ്പോ ട്രാഫിക്ക് കൺട്രോൾ ഇൻസ്പെക്ടർ വി.ആർ.രാമചന്ദ്രൻ വിരമിച്ചു. ആലക്കോട് സ്വദേശിയാണ്. പയ്യന്നൂർ ഡിപ്പോയിൽ സഹപ്രവർത്തകർ യാത്രയയപ്പ് നൽകി. ബിജുമോൻ പിലാക്കൽ അധ്യക്ഷത വഹിച്ചു. ഡി.ടി.ഒ.യൂസഫ് ഉപഹാരം നൽകി. അബൂബക്കർ, ബിജു ജോൺ, എം.എൻ. അനിൽ, എം.വി.കുഞ്ഞിരാമൻ പ്രസംഗിച്ചു. ഷാജി വർഗീസ് സ്വാഗതം പറഞ്ഞു.

കോൺഗ്രസ് ശ്രീകണ്ഠപുരം മണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ നടത്തിയ ഷുഹൈബ് അനുസ്മരണം കെ.സി.ജോസഫ് എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു

ഷുഹൈബ് അനുസ്മരണം നടത്തി

ശ്രീകണ്ഠപുരം: കോൺഗ്രസ് ശ്രീകണ്ഠപുരം മണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ ഷുഹൈബ് അനുസ്മരണം നടത്തി. ശ്രീകണ്ഠപുരം ബസ്സ്റ്റാന്റ് പരിസരത്ത് കെ.സി.ജോസഫ് എം.എൽ.എ ഉദ്ഘാടനം ചെയ്തു. പി.പി.ചന്ദ്രാംഗദൻ അധ്യക്ഷത വഹിച്ചു. നഗരസഭ ചെയർമാൻ പി.പി.രാഘവൻ, ഡി.സി.സി സെക്രട്ടറിമാരായ പി. ജെ.ആന്റണി, കെ.വി.ഫിലോമിന, ബ്ലോക്ക് കോൺഗ്രസ് പ്രസിഡണ്ട് എം.ഒ.മാധവൻ, രജിത്ത് നാറാത്ത്, കെ.സലാവുദ്ദീൻ, എൻ.പി.സിദ്ദീഖ്, അപ്പു കണ്ണാവിൽ സംസാരിച്ചു.

കളിയാട്ട മഹോത്സവം

ശ്രീകണ്ഠപുരം: എള്ളരഞ്ഞി പുതിയ ഭഗവതി ക്ഷേത്രം കളിയാട്ട മഹോത്സവം ബുധൻ, വ്യാഴം ദിവസങ്ങളിൽ നടക്കും. ബുധനാഴ്ച രാത്രി ഏഴിന് നൃത്തസന്ധ്യ, വ്യാഴാഴ്ച പുലർച്ചെ വീരൻ, വീരൻകാളി, പുതിയഭഗവതി തെയ്യങ്ങളുടെ പുറപ്പാട് എന്നിവ നടക്കും.

മലപ്പുറം സ്കൂളിൽ പ്രഥമ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പാസിങ് ഔട്ട് പരേഡിൽ പി.കെ.ശ്രീമതി എം.പി സല്യൂട്ട് സ്വീകരിക്കുന്നു.

എസ്.ടി.യു ജില്ലാ കൺവെൻഷൻ

കണ്ണൂർ: മതേതര മുന്നണിക്ക് ബദൽ സാമ്പത്തിക നയം വേണമെന്നും നിലവിലുള്ള സാമ്പത്തിക നയത്തിന്റെ മറപിടിച്ചാണ് ഗവൺമെന്റ് മതേതരത്വത്തിന് എതിരായ നടപടികൾക്ക് ആക്കം കൂട്ടുന്നതെന്നും എസ്.ടി.യു ദേശീയ ജനറൽ സെക്രട്ടറി അഡ്വ. എം. റഹ്മത്തുള്ള അഭിപ്രായപ്പെട്ടു. എസ്.ടി.യു ജില്ലാ കൺവെൻഷൻ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദേഹം. പി. മഹമൂദ് പ്രഭാഷണം നടത്തി. ജനറൽ സെക്രട്ടറി ആലിക്കുഞ്ഞി പന്നിയൂർ സ്വാഗതം പറഞ്ഞു. കെ.പി. മൂസാൻകുട്ടി, പി.പി. ഖാലിദ്, ഇ.എ. കരീം, പി. ഹംസഹാജി, പി.പി. റഷീദ്, വി. ജലീൽ, വി. യൂസഫ്, അബ്ദുമൂന്നാംകുന്ന്, കെ.പി. ഖാദർ, ത്രേസ്യാമ്മ സെബാസ്റ്റ്യൻ, പാലക്കൽ അലവി, എം. വിനോദ്കുമാർ, ടി.കെ. നൗഫൽ, എം. ഹമീദ്, ടി.കെ. ബഷീർ മട്ടാമ്പ്രം, നജീബ് മുട്ടം, പി.പി. നസീമ, ടി. അബ്ദു, എം.യു. അലി, കെ.പി. അമീർ, കെ. അബ്ദു, വി.സി. മുസ്തഫ, വി. നാഗരാജൻ, ടി.കെ. ആസാദ്, ബി. കബീർ, എം. മുഹമ്മദലി, ടി. സാദിഖ്, ടി.പി. അസീസ്, സി.പി. കുഞ്ഞമ്മദ്, നാസർ കുണ്ടാംകുഴി, എ.പി. ഇബ്രാഹിം, മുഹമ്മദ് സിനാൻ, കെ.എം. ഷൗക്കത്തലി സംസാരിച്ചു.

പാസിങ് ഔട്ട് പരേഡ് നടത്തി

ശ്രീകണ്ഠപുരം: മലപ്പട്ടം എകുഞ്ഞിക്കണ്ണൻ സ്മാരക ഗവ. ഹയർസെക്കണ്ടറി സ്കൂളിലെ പ്രഥമ സ്റ്റുഡന്റ് പോലീസ് കേഡറ്റുകളുടെ പാസിങ് ഔട്ട് പരേഡ് നടത്തി. പി.കെ.ശ്രീമതി എം.പി സല്യൂട്ട് സ്വീകരിച്ചു. പഞ്ചായത്ത് പ്രസിഡണ്ട് പി.പുഷ്പജൻ അധ്യക്ഷത വഹിച്ചു. കണ്ണൂർ ഡിഡിഇ യുകരുണാകരൻ, വളപട്ടണം സി.ഐ എം.കൃഷ്ണൻ, ബ്ലോക്ക് പഞ്ചായത്തംഗം സി.ഷൈലജ, പ്രിൻസിപ്പൽ സി.മനോഹരൻ, മമ്പിൽ എസ്.ഐ പി.ബാബുമോൻ, ശ്രീകണ്ഠപുരം എക്സൈസ് ഇൻസ്പെക്ടർ പി.പി.ജനാർദ്ദനൻ, പി.രാജൻ, പ്രഥമാധ്യാപിക മോളി തോമസ്, എൻ.സുനില സംസാരിച്ചു.

എസ്.ടി.യു ജില്ലാ കൺവെൻഷൻ അഡ്വ.എം.റഹ്മത്തുള്ള ഉദ്ഘാടനം ചെയ്യുന്നു

ദ്വിദിന വ്യക്തിത്വ വികസന ക്യാമ്പ് നടത്തി

ആലക്കോട്: കാർത്തികപുരം ഗവ. വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളിൽ വിദ്യാർത്ഥികൾക്കായി ദ്വിദിന വ്യക്തിത്വ വികസന ക്യാമ്പ് സംഘടിപ്പിച്ചു. 50 വിദ്യാർത്ഥികൾ പങ്കെടുത്ത ക്യാമ്പ് ഉദയഗിരി പഞ്ചായത്ത് സ്ഥിരം സമിതി ചെയർപേഴ്സൺ ബീന സുരേഷ് ഉദ്ഘാടനം ചെയ്തു. പഞ്ചായത്ത് മെമ്പർ പ്രീത പ്രകാശ് അധ്യക്ഷത വഹിച്ചു. പ്രിൻസിപ്പാൾ കെ.പി. സൗദാമിനി, വി.ബി. രാജേഷ്, എം. ജനാർദനൻ മാസ്റ്റർ പ്രസംഗിച്ചു. പി.ടി.എ. പ്രസിഡണ്ട് പി.പി. അജി സ്വാഗതവും ഹെഡ്മാസ്റ്റർ കെ.എസ്. മധു നന്ദിയും പറഞ്ഞു. കണ്ണൂർ ഡി.സി.ഇ. യു. കരുണാകരൻ, ഡയറ്റ് പ്രിൻസിപ്പാൾ കെ. പ്രഭാകരൻ എന്നിവരുടെ നേതൃത്വത്തിലാണ് ദീപ്തം-2018 എന്ന പേരിലുള്ള ക്യാമ്പ് സംഘടിപ്പിച്ചത്. എം. വി. ജനാർദനൻ, കെ. ശ്രീജിത്ത്, എസ്.കെ. ജയദേവൻ, ഡോ. പി.വി. ഗോപിനാഥൻ, രഘു പടവ് ക്ലാസുകൾ നയിച്ചു. രക്ഷിതാക്കൾക്കുള്ള ക്ലാസും നടന്നു.

കെ.എസ്.എസ്.പി.എ ധർണ്ണ നടത്തി

ആലക്കോട്: സൗജന്യ ചികിത്സാ പദ്ധതി അടിയന്തരമായി നടപ്പിലാക്കുക, ക്ഷാമാശ്വാസ കുടിശിക അനുവദിക്കുക തുടങ്ങിയ ആവശ്യങ്ങളുന്നയിച്ച് കെ.എസ്.എസ്.പി.എ ആഭിമുഖ്യത്തിൽ പെൻഷൻകാർ ആലക്കോട് സബ് ട്രഷറിക്ക് മുന്നിൽ കൂട്ടധർണ്ണ നടത്തി. കെ.ആർ.സുരേന്ദ്രൻ നാഥൻ മാസ്റ്ററുടെ അധ്യക്ഷതയിൽ പി.സി. ചന്ദ്രാംഗദൻ മാസ്റ്റർ ഉദ്ഘാടനം ചെയ്തു. പി.കെ.ഗിരിജാമണി ടീച്ചർ, കെ.ഗോവിന്ദൻ മാസ്റ്റർ, മാത്യു ചിറപ്പുറം, പി.കെ.മോഹനൻ പ്രസംഗിച്ചു. ജേക്കബ് വളയത്ത് സ്വാഗതവും ജോസ്കുട്ടി നന്ദിയും പറഞ്ഞു.

ആലക്കോട് സബ് ട്രഷറിക്ക് മുന്നിൽ പെൻഷൻകാർ നടത്തിയ കൂട്ട ധർണ്ണ പി.സി.ചന്ദ്രാംഗദൻ മാസ്റ്റർ ഉദ്ഘാടനം ചെയ്യുന്നു

ഉദയഗിരി പഞ്ചായത്ത് ബജറ്റ്; കൃഷി, മൃഗ സംരക്ഷണത്തിന് 50 ലക്ഷം

ആലക്കോട്: ഉദയഗിരി പഞ്ചായത്തിന്റെ 2018-19 വർഷത്തെ ബജറ്റ് പഞ്ചായത്ത് വൈസ് പ്രസിഡണ്ട് സിജോ ജോർജ് തൂണ്ടിയിൽ അവതരിപ്പിച്ചു. 10,76,64,500 രൂപ വരവും 10,65,11,530 രൂപ ചെലവും 11,52,970 രൂപ മിച്ചവും കണക്കാക്കുന്ന ബജറ്റിൽ ഒട്ടേറെ വികസന സാമൂഹ്യ ക്ഷേമ പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ട്. കൃഷി മൃഗസംരക്ഷണത്തിന് 50 ലക്ഷം, മാലിന്യ സംസ്ക്കരണം, ശുചിത്വം എന്നിവക്ക് 18.24 ലക്ഷം, ജലസംരക്ഷണം 3 ലക്ഷം, വയോജന പരിപാലനം, പാലിയേറ്റീവ് 8.8 ലക്ഷം, മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി രണ്ട് കോടി, പട്ടികവർഗ ക്ഷേമം 30 ലക്ഷം, വനിതാക്ഷേമത്തിന് 17 ലക്ഷം, സാമൂഹ്യ സുരക്ഷിതത്വ പെൻഷൻ രണ്ട് കോടി 22 ലക്ഷം എന്നിങ്ങനെ തുക വകയിരുത്തിയിട്ടുള്ള ബജറ്റിൽ റോഡ് നിർമ്മാണം, ജലസംരക്ഷണം, വയോജന പരിപാലനം എന്നിവക്ക് മുൻഗണന നൽകുന്നുണ്ട്. ബജറ്റ് അവതരണ ഭരണസമിതി യോഗത്തിൽ പ്രസിഡണ്ട് മിനി മാത്യു അധ്യക്ഷത വഹിച്ചു. തോമസ് വെക്കത്താനം, സരിത മാത്യു, ബീന സുരേഷ്, ജോസഫ് വട്ടക്കൊട്ടയിൽ, സാബു കല്ലടയിൽ, തങ്കമ്മ ദാമോദരൻ, മാനുവൽ വടക്കേമുറി, പ്രീത പ്രകാശ്, മോഹനൻ ആലയിൽത്താഴെ, ഷൈലജ സുനിൽ, ഡെയ്സി ചെറിയാൻ, വി.ബി.രമ പ്രസംഗിച്ചു. സെക്രട്ടറി എ. വി.പ്രകാശൻ സ്വാഗതം പറഞ്ഞു.

വയോജന പെൻഷൻ 3000 രൂപയായി വർധിപ്പിക്കണം

ഉദയഗിരി: വയോജന ക്ഷേമപെൻഷൻ 60 വയസ് കഴിഞ്ഞവർക്ക് 3000 രൂപയായും 75 വയസ് കഴിഞ്ഞവർക്ക് 5000 രൂപയായും വർധിപ്പിക്കണമെന്നും വയോജനങ്ങളുടെ ചികിത്സാ ചിലവ് പൂർണ്ണമായും സർക്കാർ വഹിക്കണമെന്നും കേരള സീനിയർ സിറ്റിസൺസ് ഫോറം ഉദയഗിരി യൂണിറ്റ് വാർഷിക പൊതുയോഗം ആവശ്യപ്പെട്ടു. ജോർജ് വള്ളിക്കാട്ടിലിന്റെ അധ്യക്ഷതയിൽ കെ.കെ.ദയാനന്ദൻ ഉദ്ഘാടനം ചെയ്തു. ജോസ് പറയൻകുഴി പ്രസംഗിച്ചു. ഭാരവാഹികളായി ജോർജ് വള്ളിക്കാട്ടിൽ (പ്രസിഡണ്ട്), തോമസ് പാലയ്ക്കൽ, തോമസ് കടമ്പന്താനം (വൈസ് പ്രസിഡണ്ട്), ജോണി അറയ്ക്കപ്പറമ്പിൽ (സെക്രട്ടറി), ജയിംസ് കൊച്ചു തെക്കേക്കര, ആഗസ്തി വെള്ളമരുതുങ്കൽ (ജോ.സെക്രട്ടറി), ജോണി (ട്രഷറർ) എന്നിവരെ തിരഞ്ഞെടുത്തു.

മൊറാർജി ദേശായി ജന്മദിന വാർഷികാഘോഷം

കണ്ണൂർ: മോറാർജിയുടെ രാഷ്ട്രീയ ചരിത്രം ഇന്നത്തെ തലമുറ പഠിക്കേണ്ടതാണെന്ന് മുൻമന്ത്രിയും ഗവണ്ണറുമായ കെ. ശങ്കരനാരായണൻ പ്രസ്താവിച്ചു. മോറാർജി ഫോറം കണ്ണൂരിൽ സംഘടിപ്പിച്ച 122-ാം ജന്മദിന വാർഷിക പരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദേഹം. കണ്ണൂർ ഡപ്യൂട്ടി മേയർ പി.കെ. രാഗേഷ് അനുസ്മരണ ഭാഷണം നടത്തി.

മൊറാർജി ഫോറം പ്രസിഡണ്ട് അഡ്വ. എൻ. രാഘവൻ അധ്യക്ഷത വഹിച്ചു. സെക്രട്ടറി കെ.പി. ചന്ദ്രാംഗദൻ സ്വാഗതവും ജോയിന്റ് സെക്രട്ടറി അഡ്വ. ഇ. രാഘവൻ നന്ദിയും പറഞ്ഞു.

വിദ്യാഭ്യാസ പ്രദർശനവും സഹവാസ ക്യാമ്പുമായി പൂമംഗലം സ്കൂളിൽ ശാസ്ത്രദിനാഘോഷം

പൂമംഗലം: ദേശീയ ശാസ്ത്രദിനാഘോഷത്തിന്റെ ഭാഗമായി പൂമംഗലം യു.പി സ്കൂളിൽ വിദ്യാഭ്യാസ പ്രദർശനവും ശാസ്ത്ര സഹവാസ ക്യാമ്പും സംഘടിപ്പിച്ചു. പി.അബ്ദുറഹ്മാന്റെ അധ്യക്ഷതയിൽ തളിപ്പറമ്പ് നോർത്ത് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ കെ.പി.പുരുഷോത്തമൻ ഉദ്ഘാടനം ചെയ്തു. വിവിധ പ്രദർശനങ്ങളും നടന്നു. ശാസ്ത്ര സഹവാസ ക്യാമ്പിൽ 'ശാസ്ത്ര ഗാനങ്ങൾ പാടാം' എന്ന സെഷൻ അവതരിപ്പിച്ചു കൊണ്ട് എം.വി.ജനാർദ്ദനൻ മാസ്റ്റർ ഉദ്ഘാടനം ചെയ്തു. 'പോലീസും ജനങ്ങളും' എന്ന വിഷയത്തിലൂന്നി സീനിയർ സിവിൽ പോലീസ് ഓഫീസർ കെ.വി.സുവർണൻ ചർച്ചാ ക്ലാസ് നയിച്ചു. തളിപ്പറമ്പ് എസ്.ഐ ബിനുമോഹൻ മുഖ്യാതിഥിയായി. പൂമ്പാറ്റകളുടെ ലോകം, നക്ഷത്ര നിരീക്ഷണം എന്നീ വീഡിയോ ക്ലാസുകൾ കെ.പി.പ്രദീപൻ മാസ്റ്റർ നയിച്ചു. ജൈവ വൈവിധ്യമറിയാനായി പ്രഭാതഭേരിയോടുകൂടി നടന്ന നാടുകാണൽ പരിപാടിക്ക് സി.സത്യനാരായണൻ നേതൃത്വം നൽകി.

ടന്റി ടന്റി വിമൻസ് ഷോറും തളിപ്പറമ്പ കോർട്ട് റോഡിൽ മാസ്റ്റർ മുഹമ്മദ് ദാനിഷ്, മാസ്റ്റർ മീൻഹാൻ, ബേബി സിയാന എന്നിവർ ചേർന്ന് ഉദ്ഘാടനം ചെയ്യുന്നു

പാലക്കാടൻ ചൂടിനൊപ്പം 39 ഡിഗ്രി കടന്ന് മലയോരവും ചുട്ടുപൊള്ളുന്നു

ആലക്കോട്: വേനൽ കടുത്തതോടെ മലയോരത്ത് അനുഭവപ്പെടുന്നത് കൊടുംചൂട്. സംസ്ഥാനത്ത് ഏറ്റവുമധികം ചൂട് അനുഭവപ്പെടുന്ന പാലക്കാടിനൊപ്പമെത്തുന്ന താപനിലയാണ് മൂന്ന് ദിവസമായി ആലക്കോട് മേഖലയിലും അനുഭവപ്പെടുന്നത്. 39 ഡിഗ്രി സെൽഷ്യസ് താപനിലയാണ് ഇന്നലെ മലയോരത്ത് രേഖപ്പെടുത്തിയത്. 40 ഡിഗ്രി സെൽഷ്യസ് താപനിലയാണ് പാലക്കാട്. സമീപകാല ചരിത്രത്തിലെ ഏറ്റവുമധികം ചൂടാണ് ഇത്തവണ മലയോരത്ത് അനുഭവപ്പെടുന്നതെന്നാണ് ഇത് സംബന്ധിച്ച കണക്കുകൾ സൂചിപ്പിക്കുന്നത്. പുഴകളും തോടുകളും മറ്റ് ജലാശയങ്ങളുമെല്ലാം വറ്റി വരണ്ട നിലയിലാണ്.

ചിറ്റടി സ്കൂൾ മാസ്റ്റർ പ്ലാൻ ടി.ചന്ദ്രമതി ടീച്ചർ പ്രകാശനം ചെയ്യുന്നു

ചിറ്റടി സ്കൂൾ മാസ്റ്റർ പ്ലാൻ പ്രകാശനം ചെയ്തു

ആലക്കോട്: ചിറ്റടി എ.എൽ.പി സ്കൂൾ സമഗ്ര വികസന പദ്ധതിയുടെ ഭാഗമായുള്ള മാസ്റ്റർ പ്ലാൻ കൈത്താങ്ങ് പഞ്ചായത്ത് മെമ്പർ ടി.ചന്ദ്രമതി ടീച്ചർ പ്രകാശനം ചെയ്തു. ഹെഡ്മാസ്റ്റർ തോമസ് കെ.വർഗീസ് ഏറ്റുവാങ്ങി. പി.ടി.എ പ്രസിഡണ്ട് പ്രകാശ്ബാബു അധ്യക്ഷത വഹിച്ചു. കെ.ബി.അനിൽകുമാർ, സി.വി.കുഞ്ഞിക്കണ്ണൻ, കെ.നാരായണൻ, പി.വി.ദീപകുമാരി പ്രസംഗിച്ചു.

കുറ്റേരി സർവ്വീസ് സഹകരണ ബേങ്ക് ലിമിറ്റഡ് നമ്പർ 1266
കുറ്റേരി, കുറ്റേരി. പി.ഒ - 670142. കണ്ണൂർ ജില്ല
ഫോൺ: 0460 2202809
സ്വർണ്ണപ്പണ ലേല പരസ്യം

കുറ്റേരി സർവ്വീസ് സഹകരണ ബേങ്കിന്റെ വെള്ളാവ് മെയിൻ ബ്രാഞ്ച്, കാഞ്ഞിരങ്ങാട് ബ്രാഞ്ച്, തലോറ ബ്രാഞ്ച്, പുഷ്പഗിരി ഈവനിംഗ് ബ്രാഞ്ച്, കർക്ക ഈവനിംഗ് ബ്രാഞ്ച് എന്നിവിടങ്ങളിൽ പണയം വച്ചിട്ടുള്ളതും 31-12-2017ന് കാലാവധി കഴിഞ്ഞതും രജിസ്റ്റേർഡ് നോട്ടീസ് അയച്ചിട്ടും പണയസാധനം മടക്കിയെടുക്കാത്തതും രജിസ്റ്റർ നോട്ടീസ് കൈപ്പറ്റാതെയും ആൾവിവരമില്ലാതെയും മടങ്ങി വന്നതുമായ സ്വർണ്ണപ്പണപ്പണയങ്ങൾ അതാത് ഇടപാടുകാരുടെ സ്വന്തം ഉത്തരവാദിത്തത്തിൽ 28-3-2018 ബുധനാഴ്ച വൈകുന്നേരം 3 മണിക്ക് ബേങ്കിന്റെ വെള്ളാവിലുള്ള ഹെഡോഫീസിൽ വച്ച് പരസ്യമായി ലേലം ചെയ്തു വിൽപ്പന നടത്തുന്നതാണ്. ലേലം ചെയ്തു കിട്ടുന്ന തുക ഇടപാടുതീർക്കാൻ മതിയാകാതെ വരുന്ന പക്ഷം ബാക്കി വരുന്ന തുക ബന്ധപ്പെട്ട വായ്പക്കാരിൽ നിന്നും ഈടാക്കുന്നതിനുള്ള നിയമ നടപടികൾ ബേങ്ക് സ്വീകരിക്കുന്നതായിരിക്കും. ലേലത്തിൽ വിളിക്കുന്ന സംഖ്യ ഇടപാടുതീർക്കാൻ പോരാതെ വരുന്ന പക്ഷം ലേലം നിർത്തിവയ്ക